| (1) | (2) | (3) |
|---|---|---|
| 7 | ടൈപ്പിസ്റ്റുമാർ | 17,828.00 |
| 8 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 5,850.00 |
| 9 | ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ | 27,103.00 |
| 10 | ശിപായിമാർ | 43,653.00 |
| 11 | അറ്റൻഡർ | 14,473.00 |
| 12 | ഡ്രൈവർ | 18,187.00 |
| 13 | സ്വീപ്പർ | 576.00 |
| | ആകെ | 3,06,801.00 |

LIBRARY ARCHIVES Kerala Legislative Assembly

## വയോജന വിദ്യാഭ്യാസ ഓഫീസുകൾ

**106 (2086)** ശ്രീ. ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര വയോജന വിദ്യാഭ്യാസ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഏതൊക്കെ ജില്ലകളിലാണ് ഈ ഓഫീസുകൾ പ്രവർത്തിക്കുന്നത് ;

(സി) വയോജന വിദ്യാഭ്യാസ ഓഫീസുകളുടെ പ്രവർത്തനം അവസാനിപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ഡി) അങ്ങനെ നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിൽ ഇതുമൂലം ഏതൊക്കെ തസ്തികകളാണ് നിർത്തലാക്കുന്നത് ;

(ഇ) ഇങ്ങനെ തസ്തിക നിർത്തലാക്കുന്നതുമൂലം നിലവിലുള്ള ജീവനക്കാരുടെ പ്രൊമോഷൻ സാദ്ധ്യതയെ എത്രമാത്രം വിപരീതമായി ബാധിക്കും ;

(എഫ്) അങ്ങനെ പ്രൊമോഷൻ സാദ്ധ്യതകൾ ഇല്ലാതാക്കുന്നത് ഒഴിവാക്കാൻ റദ്ദാക്കപ്പെടുന്ന തസ്തികകൾ പുനർനാമകരണം ചെയ്ത് ജില്ലാ വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകളിൽ അക്കൗണ്ട്സ് ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിക്കുമോ ;

(ജി) ജില്ലാ വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകളിലെ ജോലിഭാരവും ഭാരിച്ച സാമ്പത്തിക ക്രയവിക്രയങ്ങളും പരിഗണിച്ച് അക്കൗണ്ട്സ് ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിക്കണമെന്ന കേരള വിദ്യാഭ്യാസ മിനിസ്റ്റീരിയൽ സ്റ്റാഫ് യൂണിയന്റെ ആവശ്യത്തിൻമേൽ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(എച്ച്) ഇതു സംബന്ധിച്ച് അന്തിമ തീരുമാനം എടുക്കുന്നതുവരെ താൽക്കാലികമായി നിലവിലുള്ള വയോജന വിദ്യാഭ്യാസ ഓഫീസുകൾക്കും അനുബന്ധ തസ്തികകൾക്കും തുടർച്ചാനുമതി നൽകി ഉത്തരവുണ്ടാകുമോ ?

ഉത്തരം

(എ) 11 (പതിനൊന്ന്).

(ബി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ ഈ ഓഫീസുകൾ പ്രവർത്തിക്കുന്നു.

(സി) ഉണ്ട്.

(ഡി-എച്ച്) ഏതൊക്കെ തസ്തികകൾ നിർത്തലാക്കണം എന്നും നിർത്തലാക്കുന്ന തസ്തികകളിലുള്ള ജീവനക്കാരെ എങ്ങനെ പുനർവിന്യസിക്കണമെന്നും മറ്റുമുള്ള കാര്യങ്ങളിൽ അന്തിമ തീരുമാനമെടുത്തിട്ടില്ല.

**മദ്രസാ വിദ്യാഭ്യാസ നവീകരണത്തിനുള്ള ഗ്രാന്റ്**

**107 (2087)** ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്രസാ വിദ്യാഭ്യാസ നവീകരണത്തിനുള്ള ഗ്രാന്റ് നൽകുന്നതിനുള്ള മാനദണ്ഡങ്ങളെന്തൊക്കെയാണ് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സ്ഥാപനങ്ങൾക്ക് എത്ര രൂപ ഗ്രാന്റ് നൽകി ;

(സി) ഈ കാലയളവിൽ കേന്ദ്രത്തിൽ നിന്നും എത്ര രൂപ ലഭിച്ചു ;

(ഡി) തുടർന്നുള്ള ഗ്രാന്റിന് കേന്ദ്രത്തിലേക്ക് പ്രൊപ്പോസൽ എന്ന് നൽകും ;

(ഇ) ഓരോ വർഷവും എന്തു തുക ആവശ്യപ്പെടുവാനാണ് ഉദ്ദേശിക്കുന്നത് ;

(എഫ്) പുതുതായി നൽകിയ അപേക്ഷകളിലെ നടപടികൾ ഏതു ഘട്ടം വരെയായി ;

(ജി) ഗ്രാന്റിനുള്ള പ്രൊപ്പോസൽ അടിയന്തിരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ "മോഡേണൈസേഷൻ ഓഫ് മദ്രസ എഡ്യൂക്കേഷൻ" പ്രകാരം ഗ്രാന്റ് ലഭിക്കുവാൻ അപേക്ഷ സമർപ്പിക്കുന്നതിന് ചില മാനദണ്ഡങ്ങൾ പ്രസ്തുത സ്കീമിന്റെ മാർഗ്ഗനിർദ്ദേശങ്ങളിൽ കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly